**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 515** **13-01-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണമേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ എം ഷാജി | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സിമന്റ്, കമ്പി, അലുമിനിയം, പി.വി.സി. ഉൽപന്നങ്ങൾ തുടങ്ങിയവയ്ക്കുണ്ടാകുന്ന വിലക്കയറ്റം നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവയുടെ വിലവർദ്ധനവ് മൂലം ഭവനനിർമ്മാണം ഉൾപ്പെടെയുള്ളവയ്ക്ക് ചതുരശ്രഅടിക്ക് എന്ത് തുക വർദ്ധനവ് ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | കണക്കാക്കിയിട്ടില്ല. |
| (സി) | നിർമ്മാണമേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | നിർമ്മാണ മേഖല നിരവധി പ്രതി സന്ധികൾ നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയത് തരണം ചെയ്യുന്നതിനായി ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി അന്യസംസ്ഥാനത്തുനിന്നും ക്വാറി ഉൽ പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥാനത്ത്/ വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഡാമുകൾ, റിസർവോയറുകൾ എന്നിവിട ങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിൽ 12/06/20-ലെ ജി.ഒ.(പി) നമ്പർ 16/2020/വ്യവ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്-മെന്റ് നോട്ടിഫിക്കേഷന് അനുസൃതമായി 2015-ലെ കേരള മൈനർ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങളിലെ ചട്ടം 14(2)-ൽ 12/06/20-ലെ 16/2020/വ്യവ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ സിമന്റ് നൽകി വരുന്നു. കൂടാതെ വാളയാർ, ചേർത്തല യൂണിറ്റുകളിൽ ഉൽപാദനം പരമാവധി വർദ്ധിപ്പിച്ച് കേരളത്തിൽ ഉടനീളം സിമന്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ